പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1445

14/12/2012 - ൽ മറുപടിയ്ക്ക്

## നാഷണൽ റൂറൽ ലൈവ്‌ലിഹുഡ്മിഷൻ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
|---|---|

(എ) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതെപ്പോഴാണെന്നു വ്യക്തമാക്കുമോ ;

(എ) 2012 ഫെബ്രുവരി മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) എൻ. ആർ.എൽ.എം.ന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെന്നു വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആജീവിക പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:-

1. സമൂഹത്തിലെ നിരാലംബർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, തീരദേശനിവാസികൾ, ആശ്രയ ഗുണഭോക്താക്കൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയും അതുവഴി അവരുടെ സാമ്പത്തിക - സാമൂഹിക ഉന്നമനത്തിന് സഹായകമാകുന്ന വിധത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുക.

2. അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, അയൽക്കൂട്ട അംഗങ്ങൾക്ക് ബാങ്ക് വായ്പ സുഗമമായി തിരിച്ചടയ്ക്കുന്നതിനുള്ള സേവനങ്ങൾ, വർദ്ധിച്ച പലിശ നിരക്കുകളുള്ള മറ്റു പണമിടപാടു സ്ഥാപനങ്ങളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആശ്രയിച്ചു വരുന്ന പ്രവണത കുറയ്ക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുക.

3 കുടുംബശ്രീ മിഷന്റെ നിലവിലുള്ള ഉപജീവന മാർഗ്ഗങ്ങളും പദ്ധതികളുമായ മൃഗ സംരക്ഷണം, മത്സ്യബന്ധനം, സൂക്ഷ്മ സംരംഭങ്ങൾ, സംഘകൃഷി, സമഗ്ര പദ്ധതികൾ, വിപണന ഉപാധികൾ എന്നിവ എൻ.ആർ.എൽ.എം പദ്ധതിയുമായി സംയോജപ്പിച്ച് കൂടുതൽ വിപുലമാക്കുക.

4. മേൽ പറഞ്ഞ മൂന്നു മേഖലകളിലും ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനം പിന്തുണാ സഹായങ്ങളും എൻ.ആർ. എൽ.എം. ന്റെ ഭാഗമായി കുടുംബശ്രീ മിഷൻ ഏറ്റെടുത്തു നൽകുന്നു.

| | | |
|---|---|---|
| (സി) എൻ. ആർ.എൽ.എം.-ന്റെ കേരളത്തിലെ നോഡൽ ഏജൻസി ഏതാണെന്നു വ്യക്തമാക്കുമോ ; | (സി) | 12.11.2010 ലെ ജി.ഒ.(എം.എസ്) നമ്പർ 262/2010/തസ്വഭവ നമ്പർ ഉത്തരവ് മുഖേന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീയെ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ഉപജീവന മിഷനായി നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഏജൻസിയെ നോഡൽ ഏജൻസിയായി നിശ്ചയിച്ചു കൊണ്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ; | (ഡി) | 12.11.2010 ലെ ജി.ഒ.(എം.എസ്) നമ്പർ 262/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരിന്റെയും, 06.02.2012 തീയതിയിലെ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിലെ FTS-17494.L-131014/02/2011-Aajeevika നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി (1,2) ചേർക്കുന്നു. |
| (ഇ) എൻ. ആർ.എൽ.എം. മുഖേന സംസ്ഥാനത്ത് ഇപ്പോൾ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ? | (ഇ) | എൻ.ആർ.എൽ.എം. മുഖേന സംസ്ഥാനത്ത് ഇപ്പോൾ നടത്തുന്നതും നടത്തിക്കഴിഞ്ഞതുമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

(1). കുടുംബശ്രീയിലെ ഓരോ സി.ഡി.എസ് പരിധിയിലുമുള്ള 100 ശതമാനം അയൽക്കൂട്ട പ്രവേശനം - പട്ടികജാതി - പട്ടികവർഗ്ഗ, തീരദേശ മത്സ്യ തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷങ്ങൾ, തോട്ടം തൊഴിലാളികൾ, മത ന്യൂനപക്ഷങ്ങൾ, ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങി എല്ലാ വിഭാഗത്തിലും പെടുന്ന ബി.പി.എൽ കുടുംബങ്ങളുടെ സമ്പൂർണ്ണ അയൽക്കൂട്ടാംഗത്വം ഉറപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി ജില്ലകളിൽ പഞ്ചായത്ത് തലത്തിലും സിഡിഎസ് തലത്തിലും ക്യാമ്പയിനുകൾ സംഘടിപ്പിച്ചു വരുന്നു.

(2). പുതുതായി തെരഞ്ഞെടുക്കപ്പെട്ട സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ടതല ഭാരവാഹി കളുടെ പരിശീലനം, കുടുംബശ്രീ ഇന്റേണൽ ഓഡിറ്റർമാർ, കുടുംബശ്രീയുടെ ഓഡിറ്റിംഗ് വിഭാഗമായ കാസ്സ്, മൈക്രോ എന്റർപ്രൈസസ് കൺസൽട്ടന്റ്മാർ, കുടുംബശ്രീ ട്രെയിനിംഗ് ഗ്രൂപ്പുകൾ, ബാലസഭ, ജെന്റർ എന്നീ വിഭാഗങ്ങൾക്കായുള്ള പരിശീലന പരിപാടി പൂർത്തിയായിട്ടുണ്ട്.

(3). 100% അയൽക്കൂട്ട പ്രവേശനത്തിന്റെ ഭാഗമായി ഫിനാൻഷ്യൽ ലിറ്ററസി ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(4). മൈക്രോ സംരംഭ വികസനത്തിന്റെ ഭാഗമായി കുടുംബശ്രീ ന്യൂട്രീമിക്സ് യൂണിറ്റുകൾക്ക് 2012 സെപ്തംബർ, മുതൽ നവംബർ വരെ പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം, ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം, വൈദഗ്ധ്യ പരിശീലനം എന്നിവ സംഘടിപ്പിച്ചു.

(5). മാർക്കറ്റിംഗിന്റെ ഭാഗമായി കുടുംബശ്രീ 14-ാം വാർഷികത്തോടനുബന്ധിച്ച് എറണാകുളത്ത് മറൈൻ ഡ്രൈവിലും, കേരളപ്പിറവിയോ ടനുബന്ധിച്ച് തിരുവനന്തപുരത്ത് പുത്തരി ക്കണ്ടം മൈതാനത്തിലും ഭക്ഷ്യ - സാംസ്കാരിക - വിപണന മേളകൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ മറ്റു സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഫെയറു കളിൽ കഫേ കുടുംബ ശ്രീയുടെ നേതൃത്വ ത്തിൽ ഭക്ഷ്യമേളകളും കുടുംബശ്രീ ഉത്പ്പന്ന ങ്ങളുടെ വിപണനമേളകളും കുടുംബശ്രീ സംഘടിപ്പിക്കുകയുണ്ടായി. ഇതുമൂലം കുടുംബശ്രീ ഉത്പ്പന്നങ്ങൾക്ക് കൂടുതൽ പ്രചാരവും, സംരംഭകർക്ക് വരുമാനവും, വലിയ ഫെയറുകളിൽ പങ്കെടുക്കുന്നതിനുള്ള ആത്മവിശ്വാസവും ഉണ്ടാകാറുണ്ട്

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്